# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 2726 18.06.2018 -ൽ മറുപടിക്ക്**

## സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.സി.കെ.നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | |
| --- | --- |
| എ) വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) എസ്.എസ്.എ, ആർ.എം.എസ്.എ. അദ്ധ്യാപക വിദ്യാഭ്യാസം എന്നീ 3 കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ചാണ് കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം സമഗ്ര ശിക്ഷാ അഭിയാൻ എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നത്. പ്രീ സ്കൂൾ മുതൽ ഹയർ സെക്കണ്ടറി തലം വരെ (4 വയസ് മുതൽ 18 വയസുവരെ) എല്ലാ കുട്ടികളെയും ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സ്കൂൾ പ്രാപ്യത, തുല്യത, ഗുണത എന്നിവ ഉറപ്പാക്കുക എന്നതാണ് സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതി മുഖേന ലക്ഷമിടുന്നത്. |
| ബി) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ എത്ര കോടി രൂപയുടെ കേന്ദ്ര സഹായമാണ് സർക്കാരിന് ലഭ്യമാകുന്നത്; വിശദ മാക്കുമോ; | ബി) നടപ്പുവർഷത്തെ. ആനുവൽ വർക്ക് & പ്ലാൻ ബഡ്ജറ്റ് (എ.ഡബ്ല്യു പി & ബി) പ്രകാരം 437.64 കോടി (നാനൂറ്റി മുപ്പത്തിയേഴ് കോടി അറുപത്തിനാല് ലക്ഷം) രൂപ യാണ് അനുവദിച്ചിട്ടുള്ളത്. |
| സി) ഈ പദ്ധതിയിലൂടെ എന്തൊക്കെ വിദ്യാഭ്യാസ വികസന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | സി) ഈ പദ്ധതി പ്രകാരം സ്കൂൾ പ്രാപ്യതയിൽ (അക്സസ്) 3 റസിഡൻഷ്യൽ ഹോസ്റ്റലുകൾ, കുട്ടികൾക്കുള്ള യാത്രാബത്ത, സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകം എന്നിവ ഉൾപ്പെടുന്നു. കൂടാതെ കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ എല്ലാ വിഷയങ്ങളിലും പഠനപോഷണ പരിപാടികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പഠനപിൻതുണയ്ക്കും, അദ്ധ്യാപക പരിശീലനത്തിനും പ്രത്യേകം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. |

ഡി) നിലവിലുള്ള പൊതു വിദ്യാഭ്യാസ പദ്ധതികളിൽ എന്തൊക്കെ മാറ്റങ്ങളാണ് പുതിയ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഡി) 3 കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജനത്തിലൂടെ കാര്യക്ഷമത , അക്കാദമിക് നിലവാരം എന്നിവ ഉയർത്തുന്നതിന് സാധിക്കുന്നു. 2030 ആകുമ്പോഴേക്കും പ്രീ -പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലം വരെ തുല്യത ഉറപ്പു വരുത്തുക എന്നതും സമഗ്രശിക്ഷ അഭിയാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ